**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## അടിയന്തര പ്രമേയം

### വനഭൂമി സംരക്ഷണം

മി. സ്പീക്കർ : പരിസ്ഥിതി ദുർബ്ബല പ്രദേശമായ നിലമ്പൂർ നോർത്ത് വനം ഡിവിഷനിലെ ചാലിയാർ തീരത്ത് 1164 ഏക്കർ നിബിഡവനം പൊതുലേലത്തിൽ വയ്ക്കുന്നതിലേക്കുവരെ എത്തിയിട്ടും സർക്കാർ നിസ്സംഗത തുടരുന്നതിനാൽ ഭൂമി നഷ്ടപ്പെടുമെന്നുപറയപ്പെടുന്ന സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് സർവ്വശ്രീ കെ. രാജു, പി. ശ്രീരാമകൃഷ്ണൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : നിലമ്പൂർ നേർത്ത് ഡിവിഷനിലെ 1680 ഏക്കർ സ്ഥലം കോടതി ഉത്തരവ് പ്രകാരം ലേലംചെയ്യുന്നുവെന്ന പത്രപ്പരസ്യം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1971-ൽ വെസ്റ്റിംഗ് ആന്റ് അസൈന്റ്മെന്റ് ആക്ട് പ്രകാരം ഏറ്റെടുത്ത പ്രസ്തുത സ്ഥലം നിലമ്പൂർ കോവിലകത്തിന്റെ വകയാണെന്ന് അവകാശപ്പെട്ട് കേസ് കൊടുത്തപ്പോൾ അവരുടെ അവകാശം കഴിഞ്ഞ് ബാക്കിയുള്ള 1163.31 ഏക്കർ സ്ഥലം വിട്ടുകൊടുക്കുന്നതിന് സുപ്രീം കോടതി വിധി വന്നുവെങ്കിലും ചില കുടുംബവഴക്കുകൾമൂലം അവർ ഭൂമി ഏറ്റെടുക്കാൻ തയ്യാറായില്ല. 2000-ൽ ഇ.എഫ്.എൽ. ആക്ട് പ്രകാരം വനഭൂമിയാക്കി മാറ്റുകയും റിസർവ്വ് ഫോറസ്റ്റ് സ്റ്റാറ്റസിലേയ്ക്ക് കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യങ്ങളെല്ലാം മറച്ചുവച്ചു കൊണ്ട് മദ്രാസിലെ ഒരു ട്രസ്റ്റിനുവേണ്ടി ഈ ഭൂമി വിൽപ്പന ചെയ്യാൻ കരാറു ണ്ടാക്കിയ കാര്യം വനം വകുപ്പിനെ അറിയിച്ചിട്ടില്ല. വസ്തുവിന് വാങ്ങിയ അഡ്വാൻസ് തുക തിരികെ നൽകാത്തതിന്റെ പേരിൽ ആ തുക വസൂലാക്കു ന്നതിന് പ്രസ്തുത സ്ഥലം ലേലം ചെയ്ത് പണം കൊടുക്കേണ്ടതാണെന്ന കോഴിക്കോട് സബ്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് റിസീ വർ പത്രത്തിൽ ലേലപ്പരസ്യം നൽകിയത്. വനം വകുപ്പിന്റെ കൈവശമുള്ള ഈ നിബിഡ വനഭൂമി ലേലം ചെയ്യാൻ കഴിയില്ല. നിലവിലുള്ള വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികളാരംഭിച്ച് കോഴി ക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ കോടതി ഉത്തരവ് സ്റ്റേ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. രാജു :</u> നിലമ്പൂർ നോർത്ത് ഡിവിഷനിലെ 1163 ഏക്കർ വനഭൂമി വനം വകുപ്പ് അറിയാതെ ലേലത്തിന് വച്ചിരിക്കുകയാണ്. ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കപ്പെട്ട ഈ വനഭൂമി ലേലം ചെയ്യുമെന്ന ഘട്ടത്തിൽ എത്തിച്ചേർന്നിട്ടും വനം വകുപ്പോ സർക്കാർ വക്കീലോ ലേല നടപടി നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. കേന്ദ്ര വനസംരക്ഷണ നിയമം നിലവിൽ വന്നശേഷം വനഭൂമി പാട്ടത്തിന് കൊടുക്കാനോ പട്ടയം കൊടുക്കാനോ കൈമാറ്റം ചെയ്യാനോ അനുവാദമില്ലെന്നിരിക്കെ വൻതോതിലുള്ള വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വനംക്കൊള്ളക്കാരും കയ്യേറ്റക്കാരും ചന്ദനമാഫിയകളും സജീവമായിരിക്കുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബി. ഗണേഷ് കുമാർ) :</u> നിലമ്പൂർ നോർത്ത് ഡിവിഷനിൽപ്പെട്ട വനഭൂമി ഗവൺമെന്റിന്റെ കൈവശമുള്ള റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസ് ഉള്ള ഭൂമിയാണ്. 1971 മുതൽ നടക്കുന്ന കേസുകളിൽ ആദ്യത്തെ വിധി വന്നപ്പോൾ ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും തുടർന്ന് സെക്ഷൻ (5) പ്രകാരം ഒരു മരംപോലും മുറിക്കാൻ പാടില്ലെന്ന നിലയിൽ ബ്ലോക്ക് ചെയ്യുകയുമാണുണ്ടായത്. ഇ.എഫ്.എൽ. ലാന്റാക്കിയ വസ്തുത മറച്ചുവച്ച് അഡ്വാൻസ് നൽകിയ പണം വസൂലാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടു കക്ഷികൾ തമ്മിൽ കേസ് നടക്കുമ്പോൾ ഇതുസംബന്ധിച്ച് യാതൊരുവിധ അറിയിപ്പും ലഭിക്കാത്തിടത്തോളം കാലം ഗവൺമെന്റ് വക്കീലിനോ വനം വകുപ്പ് ഉദ്യോഗസ്ഥർക്കോ കോടതിയിൽ ഹാജരാകാൻ കഴിയില്ല. 1998-ലെ

ഓർഡർ അനുസരിച്ച് റൂൾ 58 പ്രകാരം എക്സിക്യൂട്ടീവ് ഓർഡർ ഇഷ്യു ചെയ്ത് ക്ലെയിം പെറ്റീഷൻ കോഴിക്കോട് സബ്കോടതിയിലും ലേല നടപടി നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിലും ഹർജി സമർപ്പിക്കുന്നതാണ്. കോടതി റിസീവറുടെ പരസ്യം വന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കും. ഭൂമിയുടെ ഓണർഷിപ്പും ടൈറ്റിലും പരിശോധിക്കാതെ രണ്ട് സ്വകാര്യ കക്ഷികൾ തമ്മിലുള്ള സിവിൽ അന്യായത്തിന്മേൽ ഈ വന ഭൂമി ലേലത്തിനുവയ്ക്കാൻ നിർദ്ദേശിച്ച കോടതിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനും ശ്രദ്ധയിൽപ്പെടുത്താനും നടപടി സ്വീകരിച്ചു കഴിഞ്ഞു. കോടതിയെ തെറ്റിദ്ധരിപ്പിച്ച വ്യക്തികളുടെ പേരിൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കും. ലേല നടപടികൾ സ്റ്റേ ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ പരാജയപ്പെട്ടില്ല. ചില കേസ്സുകളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ശരാശരിയേക്കാളും കൂടുതൽ വന ഭൂമിയുള്ള കേരളത്തിൽ നിലവിലുള്ള വനം നഷ്ടപ്പെടാതിരിക്കാൻ സർക്കാർ ജാഗരൂകമായിരിക്കും. പാട്ടക്കാലാവധി കഴിയുന്ന ഭൂമി പിടിച്ചെടുത്ത് വന വിസ്തീർണ്ണം വർദ്ധിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു. ടി. തോമസ്, എ.എ. അസീസ്,

എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ഫീസ് വർദ്ധനവ്

ശ്രീ. ആർ. രാജേഷ്: സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കുള്ള ഫീസ് നിരക്ക് ഏതാണ്ട് നൂറ് ശതമാനത്തോളം വർദ്ധിപ്പിച്ചതുമൂലം വിദ്യാർത്ഥികൾ ആശങ്കയിലാണ്. അവരുടെ പഠന സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഹനിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും സ്വന്തമായി വരുമാനം കണ്ടെത്തി പഠിക്കുന്നവരുമായതിനാൽ ഫീസ് വർദ്ധിപ്പിച്ച നടപടി അടിയന്തരമായി പിൻവലിക്കണം. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള കോളേജുകളിലെ വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് 15-01-2002-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീസ് നിരക്കാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. മുൻ സർക്കാരിന്റെ കാലത്ത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ 2009 ജനുവരിയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച

പ്രൊപ്പോസൽ കണക്കിലെടുത്തുകൊണ്ടാണ് 15-03-2012-ൽ ഫീസ് നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ദീർഘമായ കാലയള വിനുശേഷമുള്ള വർദ്ധനവായതിനാലും എല്ലാ മേഖലകളിലും കാലാനുസൃ തമായ വർദ്ധനവുണ്ടായതിനാലും ഈ ഉത്തരവ് പുനഃപരിശോധിക്കേണ്ട തില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്.

## (2) <u>വയോജന ഡയറക്ടറേറ്റ്</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: വീട്ടിലും നാട്ടിലും അർഹമായ പരിഗ ണന ലഭിക്കാതെയും മക്കളാൽ ഉപേക്ഷിക്കപ്പെട്ടും കഴിയേണ്ടിവരുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ആവശ്യമായ നട പടികൾ സ്വീകരിക്കണം. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വയോജന നയത്തിൽ പ്രതിപാദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് യഥാ സമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടി കൾ സ്വീകരിക്കണം. ഗ്രാമസഭകൾവഴി വയോജനങ്ങളുടെ കൃത്യമായ കണക്ക് തയ്യാറാക്കി സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്ക ണം. വയോജനങ്ങൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർദ്ധ ക്യകാല പെൻഷൻ അനുവദിക്കുകയും ഇവരുടെ കർമ്മശേഷി പ്രയോജന പ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും വയോമിത്രം പരിപാടി ഗ്രാമങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്യണം. ആരോഗ്യ മേഖല യിൽ ഡോക്ടർമാർക്ക് ജെറിയാട്രിക് സ്പെഷ്യലൈസേഷന് അവസരമുണ്ടാ ക്കുകയും നഴ്സുമാർക്ക് ഈ മേഖലയിൽ പ്രത്യേക പരിശീലനം നൽകി താലൂക്കാശുപത്രികളിലടക്കം ജറിയാട്രിക് വാർഡുകൾ അനുവദിക്കുകയും

ചെയ്യണം. വയോജനങ്ങൾക്ക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, പരിശീലനം എന്നിവയ്ക്കുള്ള സൗകര്യം നൽകുകയും വയോജനമന്ദിരങ്ങൾ, പകൽ വീടുകൾ എന്നിവ കൂടുതലായി ആരംഭിക്കുകയും ചെയ്യണം. വയോ ജനങ്ങളുടെ താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക ഡയറക്ട റേറ്റ് രൂപീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വയോജനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രായമായ ആൺമക്കളുള്ളവർക്കും വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുമായി സഹകരിച്ച് അംഗൻവാടികൾവഴി 'സംതൃപ്തി' എന്ന പേരിൽ വയോജനങ്ങൾക്ക് ഒരു നേരം പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 65 വയസ്സിന് മുകളിലുള്ള വരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനുംവേണ്ടി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാ ക്കിവരുന്ന 'വയോമിത്രം പദ്ധതി' പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെക്സ് സംവിധാനം, ടോൾ ഫ്രീ ടെലിഫോൺ, മരുന്നുകൾ, പാലി യേറ്റീവ് കെയർ, മൊബൈൽ ക്ലിനിക്ക്, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാണ്. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂ ഹ്യക്ഷേമ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയോജിപ്പിച്ച് കർമ്മ പദ്ധതി നടപ്പാക്കുന്നതാണ്. താലൂക്കാശുപത്രികളിൽ വയോജനങ്ങൾക്കായി ജെറിയാട്രിക് വാർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2006-ലെ വയോജന നയം അനുയോജ്യമായ വിധം പരിഷ്ക്കരിക്കുന്നതാണ്. പതി മൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി പോലീസ് സ്റ്റേഷനിൽ

സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ സീനിയർ സിറ്റിസൺ ബ്യൂറോ സ്ഥാപിക്കാനും ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്നുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ നിന്നും മാറ്റി സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ വയോജനക്ഷേമത്തിനായി ഓൾഡ് ഏജ് കൺട്രോൾ ബോർഡ് രൂപീകരിക്കുന്നതും അടുത്ത സ്റ്റേജായി പ്രത്യേക ഡയറക്ടറേറ്റ് എന്ന ആശയം പരിശോധിക്കുന്നതുമാണ്. വയോമിത്രം പരിപാടി ഗ്രാമങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സബ്മിഷൻ

### (1) കാഷ്യൂ ബോർഡ് രൂപീകരണം

ശ്രീ. പി.കെ. ഗുരുദാസൻ: സംസ്ഥാനത്ത് കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്ത് കൊല്ലം ജില്ല ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം വീണ്ടും പ്രധാനമന്ത്രിയുടേയും വാണിജ്യകാര്യ മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തി എത്രയുംവേഗം അംഗീകാരം നേടിയെടുക്കുന്നതാണ്.

### (2) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തിക

ശ്രീ. ഹൈബി ഈഡൻ : ജില്ലകളിൽനിന്ന് സർക്കാർ വകുപ്പുകളിൽ 2013 ഡിസംബർ 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യതയായ ഡി.സി.എ. കോഴ്സ് പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാൻ ഓർഡർ ഇറങ്ങിയ ദിവസം മുതൽ ആറുമാസത്തെ സാവകാശം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ സർട്ടിഫിക്കറ്റ് പരിശോധനാവേളയിൽ ഡി.സി.എ. സർട്ടി ഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന നിലയിൽ ഉദ്യോഗാർത്ഥികൾക്ക് സാവകാശം നൽകണമെന്ന് 10-07-2012-ൽ കത്ത് മുഖേന പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലകളിലെ വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത തിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്.

## (3) വീട്ടമ്മയുടെ നേർക്കുള്ള പീഡനം

ശ്രീ. കെ. രാധാകൃഷ്ണൻ: 18-07-2012-ന് ബലിതർപ്പണം കഴിഞ്ഞ് മടങ്ങിയ വിധവയായ വീട്ടമ്മയെ അതിവേഗ സുരക്ഷാനിർവ്വഹണ ഉദ്യോഗ സ്ഥനായ ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ബസ്സിൽ വച്ച് പീഡിപ്പിച്ചതുസംബന്ധിച്ച് അന്വേഷിക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രിമിനൽ കേസ്സായി കണക്കാക്കി അന്വേഷണം തുടരുന്നതാണ്. ഗവൺമെന്റിന്റെ നയത്തിനും സമീപനത്തിനും

വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരോട് ഒരു ദാക്ഷിണ്യവും ഉണ്ടാകില്ല.

**(4) താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി**

ശ്രീ. ബെന്നി ബെഹനാൻ: എറണാകുളം ജില്ലയിലെ കാക്കനാട് പ്രൈമറി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : ആവശ്യമായ സ്ഥലസൗകര്യവും മറ്റ് ഭൗതിക സാഹചര്യവും ലഭ്യമാകുന്ന മുറയ്ക്ക് എറണാകുളം ജില്ലയിലെ കാക്കനാട് പി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. താൽക്കാലിക നിയമനംവഴി ഡോക്ടർമാരുടെ കുറവും പരിഹരിക്കാവുന്നതാണ്.

**(5) പച്ചത്തേങ്ങ സംഭരണം**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : നാളികേര കൃഷിക്കാരെ രക്ഷിക്കുന്നതിന് ഓരോ പഞ്ചായത്തിലും പച്ചത്തേങ്ങ സംഭരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും തേങ്ങയ്ക്ക് ചുരുങ്ങിയത് പത്ത് രൂപയെങ്കിലും ലഭ്യമാക്കുന്നതിനും കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : ജില്ലാതല കമ്മിറ്റികൾ തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളിലൂടെയും നാളികേര ഉൽപ്പാദക സംഘങ്ങളിലൂടെയും കർഷകരിൽ നിന്ന് പച്ചതേങ്ങ സംഭരിക്കാൻ കേരഫെഡ് നടപടി

സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് പെരുമാട്ടിയിലും ജില്ലാ കളക്ടർമാർ തെരഞ്ഞെടുത്ത സംഘങ്ങൾ, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ സൊസൈറ്റികൾ എന്നിവ മുഖേനയും പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സമയവും തീയതിയും ഏഴ് ദിവസങ്ങൾക്കു മുമ്പ് അറിയിച്ച് പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

**(6) <u>വിദ്യാർത്ഥികൾക്ക് കൺസഷൻ</u>**

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, കട്ടപ്പന, കുട്ടിക്കാനം പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ ഫാസ്റ്റും സൂപ്പർ ഫാസ്റ്റും ആക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭിക്കാത്തത് സംബന്ധിച്ച് പരിശോധന നടത്തി ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്):</u> ഓർഡിനറി ബസ്സുകൾ ഫാസ്റ്റോ, സൂപ്പർ ഫാസ്റ്റോ ആക്കുന്നതുമൂലം വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭിക്കാത്തതുസംബന്ധിച്ച് പല ജില്ലകളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടിസി.-യുടെ ഓർഡിനറി ബസ്സുകൾ മുഴുവനും ഫാസ്റ്റോ സുപ്പർ ഫാസ്റ്റോ ആക്കുന്നില്ല. ആ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭ്യമാക്കുന്നുണ്ട്. സ്വകാര്യബസ്സുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

## (7) വൈദ്യുതി കണക്ഷൻ മാറ്റിനൽകൽ

ശ്രീമതി കെ. കെ. ലതിക: വസ്തു കൈമാറ്റം നടത്തുമ്പോൾ വാങ്ങുന്നയാളിന്റെ പേരിൽ വൈദ്യുതി കണക്ഷൻകൂടി മാറ്റിനൽകാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വസ്തു കൈമാറ്റം ചെയ്യുമ്പോൾ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളോടൊപ്പം പത്ത് രൂപയുടെ പൂരിപ്പിച്ച അപേക്ഷയും നൂറ് രൂപ പ്രോസസിംഗ് ചാർജ്ജും അടച്ചാൽ വസ്തു വാങ്ങുന്ന ആളിന്റെ പേരിൽ കണക്ഷൻ മാറ്റാവുന്നതാണ്. ഈ നടപടിക്രമം പാലിക്കുന്നില്ലെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## (8) സമഗ്രകുടിവെള്ള പദ്ധതി

ശ്രീ. സി. മോയിൻകുട്ടി: കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിച്ച് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി കൊടിയത്തൂർ, മുക്കം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മുക്കം, കാരശ്ശേരി, കൊടിയത്തൂർ, ഓമശ്ശേരി എന്നീ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികൾക്ക് ഇക്കൊല്ലത്തെ പദ്ധതിയിൽ ആവശ്യമായ തുക ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എസ്.എൽ.എസ്.സി.-യിലോ നബാർഡിലോ ഉൾപ്പെടുത്തി അടുത്ത ബഡ്ജറ്റിൽ തുക വകയിരുത്തുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

## (9) ഭവനശ്രീ വായ്പ

ശ്രീ. ഇ.പി. ജയരാജൻ: പടിയൂർ ഗ്രാമപഞ്ചായത്തിൽ കല്യാട് സഹകരണ ബാങ്കിൽനിന്ന് ഭവനശ്രീ പദ്ധതിപ്രകാരം വായ്പെയടുത്തവർക്ക് ആനുകൂല്യം ലഭ്യമാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): കൊമേഴ്സ്യൽ ബാങ്കുകളുടെ വായ്പ സർക്കാർ ഏറ്റെടുക്കാൻ ഉത്തരവായതിനുശേഷം സഹകരണ ബാങ്കുകളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്. ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കല്യാട് സഹകരണ ബാങ്കുവഴി ലോൺ എടുത്തിട്ടുള്ളവരുടെ കാര്യത്തിലും തീരുമാനമുണ്ടാകുന്നതാണ്.

## (10) കെട്ടിട നിർമ്മാണങ്ങൾക്ക് പ്രത്യേക നിബന്ധന

ശ്രീ. സി.പി. മുഹമ്മദ്: 15 സെന്റിലധികം വരുന്ന സ്ഥലങ്ങളിലുള്ള കെട്ടിടനിർമ്മാണങ്ങൾക്ക് സോളാർ വൈദ്യുതി യൂണിറ്റ്, മഴവെള്ള സംഭരണി, മാലിന്യസംസ്കരണ പ്ലാന്റ്, പച്ചക്കറിത്തോട്ടം എന്നിവ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): കെട്ടിടം പണിയുന്ന ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സോളാർ പാനൽ, മാലിന്യസംസ്കരണ സംവിധാനം എന്നിവ നിർബന്ധമാക്കുന്നത് പ്രായോഗികമല്ല. മഴവെള്ളസംഭരണത്തിനുള്ള വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ ഇപ്പോൾത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറിത്തോട്ടമുണ്ടാക്കുന്നത് ഉടമയുടെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട

വിഷയമായതിനാൽ ഇതുസംബന്ധിച്ച നിബന്ധന കൊണ്ടുവരുന്നത് പ്രായോഗികമല്ല. ഈ നാല് ഘടകങ്ങളും കെട്ടിടനിർമ്മാണങ്ങളിൽ ഉൾപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്നതും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതുമാണ്.

**(11) ക്ഷീരസാഗരം പദ്ധതി**

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലയിലെ ക്ഷീരസാഗരം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 'ക്ഷീരസാഗരം' പദ്ധതി മുഖേന പശുവളർത്തൽ യൂണിറ്റുകൾക്ക് നൽകുന്ന കുടുംബശ്രീ സബ്സിഡി 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേച്ചർ ഫ്രഷ് കാലിത്തൊഴുത്തിന്റെ യൂണിറ്റ് കോസ്റ്റ് 40,000 രൂപയായി വർദ്ധിപ്പിക്കുകയും 50 ശതമാനം തുക സബ്സിഡിയായി നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ തുക ഇടുക്കി കുടുംബശ്രീ ജില്ലാ മിഷന് അനുവദിക്കുന്നതാണ്.

**(12) പി.എച്ച് സെന്ററുകൾ**

ശ്രീ. എസ്. ശർമ്മ: കടമക്കുടി, മുളവുകാട് ദ്വീപ് പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട ജീവനക്കാരെ നിയമിക്കുന്നതിനും കിടത്തിച്ചികിത്സക്കാവശ്യമായ സൗകര്യമൊരുക്കുന്നതിനും പിഴല. സെന്ററിൽ ആവശ്യത്തിന് മരുന്ന് ലോക്കൽ പർച്ചേസ് നടത്തുന്നതിനും അവിടത്തെ ഫ്ളോട്ടിംഗ് ഡിസ്പെൻസറി പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മുളവുകാട് പി.എച്ച്.സി.-യിൽ ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റി നിർമ്മിച്ച വാർഡ് ആരോഗ്യവകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരികയാണ്. 2004-ൽ 4 സ്റ്റാഫ് നഴ്സിന്റെയും 3 അസിസ്റ്റന്റ് സർജന്റെയും തസ്തികകൾ സൃഷ്ടിക്കുകയും 2009-ൽ നഴ്സുമാരുടെ ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. കടമക്കുടി ദ്വീപിലെ പിഴല പി.എച്ച്.സി-യിൽ 2 അസിസ്റ്റന്റ് സർജന്റേയും 3 സ്റ്റാഫ് നഴ്സിന്റേയും ഒരു ഹെഡ് നഴ്സിന്റെയും തസ്തി കകളുണ്ട്. ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിൽ ഡോക്ടറും ജീവനക്കാരും നിലവിലുണ്ട്. രോഗികൾക്ക് കൂടുതൽ സൗകര്യമുള്ള എറണാകുളം ജനറൽ ആശുപത്രിയിലോ പറവൂർ താലൂക്കാശുപത്രിയിലോ എത്തിച്ചേരാൻ കഴിയുമെന്നതിനാൽ ഇവിടെ ഐ.പി. വിഭാഗം പ്രവർത്തിക്കുന്നില്ല. നിലവിലുള്ള പരമാവധി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പിഴല ആശുപത്രി യിലേയ്ക്ക് മരുന്ന് ലോക്കൽ പർച്ചേസ് നടത്തുന്നതിന് നടപടി സ്വീകരി ക്കുന്നതാണ്.

## (13) പൊതുജനാരോഗ്യ നിയമം

ശ്രീ. ടി.എ. അഹ്മദ് കബീർ: 1935-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും ഏകോപിപ്പിച്ച് ഒരു പൊതുജനാരോഗ്യ നിയമം കൊണ്ടുവരാൻ നടപടി സ്വീക രിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 1935-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും ഏകോപിപ്പിച്ച് തയ്യാറാക്കിയ പൊതുജനാരോഗ്യ ബില്ലിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(14) സബ്ട്രഷറി

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഇൻകെൽ-നെ ഏൽപ്പിച്ച ശാസ്താംകോട്ട സബ്ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി പി.ഡബ്ല്യു.ഡി. വിഭാഗത്തെ ഏൽപ്പിച്ച് പൂർത്തീകരിക്കാൻ നടപടിയുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഇതുസംബന്ധിച്ച് ഇൻകെലുമായി എഗ്രിമെന്റ് വച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യം ധനകാര്യ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് നടപടി സ്വീകരിക്കാവുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2011-1012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2011-1012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>പ്രത്യേക പരാമർശം</u>

<u>ഭക്ഷ്യ വിഷബാധ</u>

<u>മി. സ്പീക്കർ:</u> തിരുവനന്തപുരത്തെ ഒരു ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ച യുവാവ് ഭക്ഷ്യവിഷബാധമൂലം മരിക്കാനിടയായ സംഭവം വേദനാ ജനകവും ഭയപ്പെടുത്തുന്നതുമാണ്. ഭക്ഷ്യവിഷബാധമൂലം ധാരാളംപേർ ചികിത്സയിലാണെന്ന വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. പഴകിയ ഭക്ഷണം വിളമ്പുന്ന ഹോട്ടലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. കൃത്യമായ പരിശോധനകൾ നടക്കാത്തതാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുവാൻ കാരണം. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നില്ല എന്നത് ഖേദകരമാണ്. ലൈസൻസില്ലാത്ത ഭക്ഷണശാലകൾ പ്രവർത്തിക്കുന്നു എന്നത് ആശങ്കയുള വാക്കുന്നതാണ്. മാർക്കറ്റിൽനിന്നും വാങ്ങുന്ന പച്ചക്കറികളിലും നിത്യോ പയോഗ സാധനങ്ങളിലും മായം ചേർക്കുന്നുണ്ടെന്ന വാർത്ത ഉത്കണ്ഠ യുണ്ടാക്കുന്നു. ഇത് പരിശോധിക്കാൻ നിയുക്തരായ ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യം കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ പരിശോധന ഊർജ്ജിതമായി നടക്കുന്നു എന്നതും മോശമായ ഭക്ഷണം വിൽക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നു എന്നതും അഭിനന്ദനാർഹമാണ്. നിരന്തര ജാഗ്രതകൊണ്ടുമാത്രമേ ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. ക്രിയാത്മക നടപടികൾ എല്ലാഭാഗത്തു നിന്നും ഉണ്ടാകണം. ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചതും സ്വീകരിക്കാൻ പോകുന്നതുമായ നടപടികളുടെ റിപ്പോർട്ട് സഭ പിരിയുന്നതിന് മുമ്പ് ബന്ധപ്പെട്ടവർ അറിയിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് വർത്തകൾ വന്നതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ ഇക്കാര്യങ്ങൾ

വസ്തുതാപരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തി ചില ഹോട്ടലുകൾ അടച്ചുപൂട്ടുകയും ചിലതിന് നോട്ടീസ് കൊടുത്ത് റെക്ടിഫിക്കേഷനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പുമന്ത്രി സഭയ്ക്ക് നൽകുന്നതാണ്.

## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും ആരംഭിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യവും സ്വയംഭരണവും നൽകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർവ്വകലാശാലകളുടെ സ്റ്റേറ്റ് അവാർഡ് ഫണ്ടിനായി മുപ്പത്തിയഞ്ച് കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പത്ത് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതാണ്. സംസ്ഥാന അക്രെഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടി ആരംഭിച്ചുകഴിഞ്ഞു. ഉന്നത

വിദ്യാഭ്യാസത്തിന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട് പ്രോ-വൈസ് ചാൻസലറുടെ പ്രായപരിധി അറുപത് വയസ്സായി ഉയർത്തുന്നതിനും നിബന്ധ നകൾക്ക് വിധേയമായി കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ അന്തർ സംസ്ഥാന സർവ്വകലാശാലകളി ലേയ്ക്കുള്ള സ്ഥലം മാറ്റത്തിനും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെ ടുത്തിയിട്ടുണ്ട്. കേരള-കണ്ണൂർ-മഹാത്മാഗാന്ധി സർവ്വകലാശാലകളിലെ സെനറ്റിലും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേ റ്റിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള പ്രാതിനിധ്യം കൊണ്ടുവരു ന്നതാണ്. നാമനിർദ്ദേശം ചെയ്ത അംഗങ്ങളുടെ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിൽ കഴിവുറ്റ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യാനും അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിക്കാൻ സർക്കാരിന് അധികാരം നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്നത്തെ നവലിബറൽ സാമ്പത്തിക നയങ്ങൾ സർവ്വകലാശാലകളെ കച്ചവട സ്ഥാപനമാക്കി തരംതാഴ്ത്തുകയാണ്. ഇതുസംബന്ധിച്ചുള്ള സ്വന്തം താൽപ്പ ര്യങ്ങൾ സംരക്ഷിക്കാനുള്ള വേദിയാക്കി സിൻഡിക്കേറ്റുകളെ മാറ്റുകയാണ്. യു.ഡി.എഫ്. സർക്കാരുകൾ അധികാരത്തിൽ വന്നപ്പോഴൊക്കെ സർവ്വ കലാശാലകളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്ന നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്. അക്കാദമിക് സമൂഹം സമയോചിതമായി ഇടപെട്ടതുകൊണ്ടു മാത്രമാണ് സ്കൂൾ അദ്ധ്യാപകരെ യൂണിവേഴ്സിറ്റി വൈസ് ചാൻസലറാ

ക്കുന്ന തീരുമാനത്തിൽനിന്ന് ഈ ഗവൺമെന്റിന് പിൻമാറേണ്ടിവന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഫോറിൻ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ പാർലമെന്റിന്റെ പരിഗണനയിലുള്ള പശ്ചാത്തലത്തിൽ വിദേശ സർവ്വകലാശാലകൾക്ക് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് രംഗപ്രവേശം നടത്താനുള്ള വഴിയൊരുക്കലാണ് തിരുവനന്തപുരത്ത് നോളജ് സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന് പിന്നിലുള്ളതെന്ന് സംശയിക്കേണ്ടിയി രിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ അരങ്ങേറുന്ന മത-വിഭാഗീയത ആക്ഷേപകരമാണ്. ഉന്നതവിദ്യാഭ്യാസ മേഖല വിദേശ കോർപ്പറേറ്റ് ശക്തി കൾക്ക് അടിയറ വയ്ക്കുന്നതിന് വഴിയൊരുക്കുന്ന ബില്ലാണ് ഇത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന സെനറ്റിനേയും സിന്റിക്കേറ്റിനേയും വരുതിയി ലാക്കി ജനാധിപത്യസ്വഭാവം സമ്പൂർണ്ണമായി നശിപ്പിച്ച് സ്വയംഭരണശേഷി ഇല്ലാതാക്കി രാഷ്ട്രീയ ഇടപെടലിലൂടെ സർവ്വകലാശാലകളെ ആജ്ഞാനു വർത്തികളാക്കി മാറ്റുകയെന്നുള്ള ലക്ഷ്യത്തോടെയാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. നോമിനേറ്റഡ് സിന്റിക്കേറ്റുകളെ പിരിച്ചുവിടില്ല എന്നതും അക്കാദമിക് ഉയർച്ച ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയെന്നതുമായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റിന്റെ

നയം. കാലിക്കറ്റ് സർവ്വകലാശാലയിൽ സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞിട്ടില്ല. സർവ്വകലാശാല സിന്റിക്കേറ്റിന്റെ നിലനിൽപ്പിനെയും ഘടനയെയും മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സർവ്വകലാശാല ഭരണത്തെ രാഷ്ട്രീയവൽക്കരിക്കുന്നതും അവയുടെ ഭൂമി വിവിധ ട്രസ്റ്റുകൾക്ക് കൈമാറുന്നതും ശരിയല്ല. അക്കാദമിക് കൗൺസിലിന്റെ പ്രവർത്തനത്തെ മാനിപ്പുലേറ്റ് ചെയ്യുന്ന നടപടി അവസാനിപ്പിക്കണം. ദന്തൽ വിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കാരങ്ങൾ കച്ചവട ലക്ഷ്യത്തോടെയുള്ളവയാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പരിശോധിക്കണമെന്ന ഹൈക്കോടതി വിധിയുള്ളപ്പോഴും നിരവധി കോളേജുകൾക്ക് അംഗീകാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. അഴിമതിക്ക് വിധേയനാകാത്ത ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ ആലോചിക്കുന്ന സിന്റിക്കേറ്റിന്റെ പ്രവർത്തനങ്ങൾ വിമർശനാത്മകമാണ്. പരീക്ഷാ നടത്തിപ്പ് സ്വാശ്രയ കോളേജുകൾക്ക് വികേന്ദ്രീകരിച്ച് നൽകുവാനും പരീക്ഷ നടത്തി മാർക്ക് സർവ്വകലശാലയുടെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാനും എടുത്ത തീരുമാനങ്ങൾ വിദ്യാഭ്യാസ രംഗത്തെ നശിപ്പിക്കുന്നവയാണ്. സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണം. വിവിധ മേഖലകളിൽ കൺട്രോളറുടെ ചുമതല ജോയിന്റ് കൺട്രോളർക്ക് നൽകുന്ന നടപടി ശരിയല്ല. കലുഷിതമായ രാഷ്ട്രീയവൽക്കരണത്തിലേക്ക് സർവ്വകലാശാലകളെ വലിച്ചിഴയ്ക്കുന്ന ഭേദഗതികളെ അംഗീകരിക്കാൻ സാധ്യമല്ല.

ശ്രീ. ടി.എ. അഹ്മദ് കബീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളുടെ നിയമങ്ങളിൽ വ്യത്യാസം വരുത്തിക്കൊണ്ട് ഗുണപരമായ തുടക്കത്തിനാണ് ഭേദഗതികൾ കൊണ്ടു വന്നിട്ടുള്ളത്. സർവ്വകലാശാലാതലത്തിൽ പ്രൊഫസർമാർക്ക് 60 വയസ്സുവരെ എന്നുള്ള ഭേദഗതി കേരളീയ സമൂഹം തെറ്റായി വിലയിരുത്തുകയില്ല. വിവിധ കമ്മിറ്റികളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ രംഗവും സർവ്വകലാശാലാരംഗവും അഴിച്ചുപണിക്ക് വിധേയമാക്കണം. സ്വാതന്ത്ര്യാനന്തരം ജനാധിപത്യ വ്യവസ്ഥകളുണ്ടായിരുന്നിട്ടും ഉന്നത വിദ്യാഭ്യാസ രംഗത്ത് എൻറോൾ ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇൻഡ്യ മൂന്നാം സ്ഥാനത്താണെന്ന കാര്യം ഗൗരവത്തോടെ കാണണം. സർവ്വകലാശാല നിയമങ്ങളെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ചാലകശ ക്തിയാക്കി മാറ്റാൻ ശ്രമിക്കണം. വിവിധ പ്രദേശങ്ങളെ സംയോജിപ്പിച്ചു കൊണ്ട് യൂണിവേഴ്സിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവയുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും അക്കാദമിക് കലണ്ടറും എക്സാമി നേഷൻ കലണ്ടറും ഏർപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ വിഭവങ്ങൾ കണ്ടെത്തണം. പിന്നോക്ക വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഉന്നത വിദ്യാഭ്യാസം സാർവ്വത്രികമാക്കണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് സോഷ്യൽ ഇക്വിറ്റി ഫണ്ട് നടപ്പിലാക്കണം. തൊഴിൽ വൈദഗ്ദ്ധ്യം സൃഷ്ടിക്കുന്നതിന് സർവ്വകലാശാലകളെ പ്രാപ്തമാ ക്കണം. ഗവേഷണ രംഗത്തിന് കൂടുതൽ ഊന്നൽ കൊടുക്കണം. ക്വാളിറ്റി യുള്ള ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് നടപടി സ്വീകരിക്കണം.

കരിക്കുലം ട്രാൻസാക്ഷൻ നടപ്പാക്കണം. ലേൺ-ടീച്ച്-അപ്ഡേറ്റ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ മാറ്റം വരുത്തണം. അദ്ധ്യാപന രംഗത്ത് പെഡഗോഗി റിഫോം ചെയ്യാനും സ്റ്റുഡന്റ് സൈക്കോളജി അതിന്റെ ഭാഗമാക്കി കോളേജ് അദ്ധ്യാപകർക്ക് പെഡഗോഗിയിൽ പരിശീലനം നൽകാനും നടപടിയുണ്ടാകണം. മാസ്റ്റർ ഡിഗ്രിയില്ലാത്തവരെ കോളേജിൽ പഠിപ്പിക്കാൻ അനുവദിക്കരുത്. ഹയർ എഡ്യൂക്കേഷൻ രംഗത്ത് അക്കാഡമിക് ഓഡിറ്റ് നടപ്പിലാക്കണം. ഗവൺമെന്റ് കോളേജുകളിലേയും അൺ എയ്ഡഡ് കോളേജുകളിലേയും അൺ എയ്ഡഡ് കോഴ്സുകൾ തുടരുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ആലോചിക്കണം. ടീച്ചേഴ്സിന് ഇൻ-സർവ്വീസ് ട്രെയ്നിംഗ് കൊടുക്കാൻ നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): യൂണിവേഴ്സിറ്റി സെനറ്റിലേക്ക് അനധികൃതമായി വരുന്നവരെ ഒഴിവാക്കാൻ സഹായകമാകുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ശ്രീശങ്കരാ യൂണിവേഴ്സിറ്റിയിലെ രജിസ്റ്റേർഡ് റഗുലർ വിദ്യാർത്ഥിയെ സെനറ്റിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണെന്ന നിലവിലുള്ള വ്യവസ്ഥ മാറ്റി അക്കാഡമിക് യോഗ്യതയുള്ള ബിരുദാനന്തരബിരുദ വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യണമെന്ന പുതിയ വ്യവസ്ഥയാണ് കൊണ്ടുവന്നിട്ടുള്ളത്. സിന്റിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന രീതിയിൽ തെറ്റിദ്ധാരണ ഉണ്ടാകേണ്ട കാര്യമില്ല. സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റികളിൽ നിന്ന് ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബി.ടെക് പരീക്ഷയ്ക്ക് മോഡറേഷൻ കൊടുക്കുന്നത് സെനറ്റിന്റേയും അക്കാഡമിക് കൗൺസിലിന്റേയും

അംഗീകാരത്തോടുകൂടിയാണ്. ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ കൊണ്ടുവന്നിട്ടുള്ള മിക്കവാറും വ്യവസ്ഥകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസായി ഇറങ്ങിയതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വ കലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

**<u>2-ാം വകുപ്പ്</u>**

111, 113, 114, 115, 116, 117, 119, 120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>3-ാം വകുപ്പ്</u>**

122, 123, 125, 126, 127, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>4-ാം വകുപ്പ്</u>**

129, 130, 132, 136, 140, 141, 142, 144, 145, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ അബ്ദുറബ്ബ്)</u>: മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സിന്റിക്കേറ്റിൽ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട ഒരാളെയും ഒരു വനിതയേയും ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഭേദഗതി ആവശ്യമില്ല.

<u>5-ാം വകുപ്പ്</u>

147, 149, 150, 151, 152, 153, 154, 156, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ അബ്ദു റബ്ബ്)</u>: 153-ാം നമ്പർ ഭേദഗതി ബിരുദാനന്തരബിരുദമുള്ള വിദ്യാർത്ഥി എന്നുള്ള നിലയിലാണ് പറഞ്ഞിരിക്കുന്നത്. ഓർഡിനൻസിലും അങ്ങനെയാണ് വന്നിരിക്കുന്നത്. അതുകൊണ്ട് മാറ്റം വരുത്താൻ സാധിക്കില്ല.

153-ാം നമ്പർ ഭേദഗതി 54-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>6-ാം വകുപ്പ്</u>

159, 160, 161, 162, 163, 164, 166, 167, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

109, 110 എന്നീ  നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: 2012-ലെ സർവ്വ കലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും  വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. സി. ദിവാകരൻ:</u>  ഈ സഭയിലെ നിരവധി അംഗങ്ങൾ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനാകുകയും

സെനറ്റിലേക്കും സിന്റിക്കേറ്റിലേക്കും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ ഈ സർക്കാർ നടത്തുന്നത്. ജനാധിപത്യ വിരുദ്ധമായ ഇത്തരം സമീപനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഈ ബില്ലിന്മേലുള്ള തുടർനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി.സി. ജോർജ്:</u> കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ രാഷ്ട്രീയവൽക്കരിക്കുന്ന സാഹചര്യമൊഴിവാക്കാൻ ഈ നിയമം അനിവാര്യമാണ്. ഈ നിയമം കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. ഇത്രയും ശക്തമായ നിയമം പാസ്സാക്കാൻ നടപടിയെടുത്ത ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനേയും ബഹുമാനപ്പെട്ട മന്ത്രിയേയും അഭിനന്ദിക്കുന്നു.

2012-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(2) <u>2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ</u>**

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി <u>(ശ്രീ. സി.എൻ. ബാലകൃഷ്ണൻ):</u> സബ്ജക്ടക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) എല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും തുല്യനീതിയും അവസര സമത്വവും ഉറപ്പാക്കി സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയും വികാസവും സാധ്യമാക്കുന്നതിനുള്ള ക്രിയാത്മകമായ വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും നിക്ഷേപകർക്കും ജില്ലാ സഹകരണ ബാങ്ക് സമിതിയിൽ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി.)

ശ്രീ. കെ. കെ. നാരായണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ മേഖലയിലെ ജനാധിപത്യത്തെ തകർക്കുന്ന ബില്ലാണിത്. പ്രൊഫഷണൽസ് എന്ന പേരിൽ ജില്ലാഭരണ സമിതിയിൽ രണ്ടുപേരെ നോമിനേറ്റ് ചെയ്യാനും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ അഭാവത്തിൽ ഒരു വർഷം വരെ ഭരണം തുടർന്നുകൊണ്ടുപോകാനും രജിസ്ട്രാർക്ക് അധികാരം നൽകുന്ന ഈ ബിൽ ജനാധിപത്യത്തിനും സഹകരണ തത്വങ്ങൾക്കും കടക വിരുദ്ധമാണ്. ജില്ലാസഹകരണ ബാങ്കിന്റെ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ അസോസിയേറ്റ് അംഗങ്ങൾക്ക് അവസരമൊരുക്കുന്നതിലൂടെ ഈ ഭരണസമിതികൾ പിടിച്ചെടുക്കുകയെന്ന ലക്ഷ്യമാണുള്ളത്. അസോസിയേറ്റ് സംഘങ്ങളിൽ മിക്കതും ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത തുക തിരിച്ചടച്ചിട്ടില്ല. കേരളത്തിലെ സഹകരണ സംഘങ്ങളോട് ജനങ്ങൾക്കുള്ള മതിപ്പ് ഈ ഭേദഗതിയോടെ നഷ്ടപ്പെടുകയും സഹകരണ മേഖല രാഷ്ടീയ സംഘർഷങ്ങളുടെ വേദിയായി മാറുകയും ചെയ്യും.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഓർഡിനൻസ് ഭരണഘടനാ വിരുദ്ധമായതിനാലും ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലും ഈ ബിൽ സഭയിൽ പരിഗണനയ്ക്കെടുക്കുന്നത് ശരിയല്ല. ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് മുൻകാല പ്രാബല്യത്തോടുകൂടി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി സഹകരണ മേഖലയിലെ പ്രൈമറി-ജില്ലാ-സംസ്ഥാന-കാർഷിക വികസന ബാങ്കുകൾ തകർന്നുപോകും. സഹകരണ ജനാധിപത്യത്തെ തകർക്കാൻ സർക്കാർ കൂട്ടുനിൽക്കരുത്. കൃഷിക്കാരുടെ വോട്ടവകാശം എടുത്തുകളയുകയും കടലാസ്സ് സഹകരണ സംഘങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്തത് ന്യായീകരിക്കത്തക്കതല്ല. സഹകരണ സ്ഥാപനം വൈൻഡപ്പ് ചെയ്യുമ്പോൾ ലിക്വിഡേറ്ററെ നിയമിക്കുന്നതിനുള്ള പ്രൊവിഷൻ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പാ മേഖലയിലും ബാങ്കിംഗ് മേഖലയിലുമായുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സൗകര്യമുണ്ടാകണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എല്ലാ സഹകരണ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം കൊടുക്കുക എന്നതാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. താലൂക്കുകളിൽ ഒരു കാർഷിക ഗ്രാമ വികസന ബാങ്ക് മതിയെന്ന രീതിയിൽ കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റ് നിയമവിരുദ്ധമായി ചെയ്ത കാര്യത്തെ

നിയമവിധേയമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. സ്പെഷ്യൽ ഓഫീസറെ നിയമിച്ച് സഹകരണ സംഘങ്ങളുടെ അസറ്റ്സ് ആന്റ് ലയബിലിറ്റീസ് ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സെക്ഷൻ 28-ലെ ഭേദഗതിയിലൂടെ ജില്ലാ ബാങ്കിൽ വിവിധ തരത്തിലുള്ള പ്രാതിനിധ്യം ഉറപ്പാക്കുന്നതിൽ രണ്ട് സീറ്റ് ഡെപ്പോസിറ്റേഴ്സിനുവേണ്ടിയാണ്. ഈ സീറ്റുകൾ ഏറ്റവും കൂടുതൽ സംഖ്യ സമാഹരിക്കുന്ന സ്ഥാപനങ്ങൾക്ക് ഉറപ്പാക്കേണ്ടതാണ്. സഹകരണ ബാങ്കുകളിൽ പ്രൊഫഷണലിസം കൊണ്ടുവരണം. സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനികവത്ക്കരിക്കണം. സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പുകളിൽ അംഗങ്ങളുടെ പ്രാതിനിധ്യം കുറയുന്നതിനെക്കുറിച്ച് വിലയിരുത്തണം. പരിയാരം മെഡിക്കൽ കോളേജും 'കേപ്പ്'-ന്റെ കീഴിലുള്ള കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജും സർക്കാർ ഏറ്റെടുക്കണം. സഹകരണ മേഖലയെ ശക്തിപ്പെടുത്തി അതുവഴി കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ </u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജില്ലാ ബാങ്കിൽ എല്ലാ കടലാസ്സ് സംഘങ്ങൾക്കും അംഗത്വവും വോട്ടവകാശവും നൽകാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. ഈ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത് ജനാധിപത്യം ശക്തിപ്പെടുത്താനാണെന്ന പ്രചരണം അംഗീകരിക്കാൻ കഴിയില്ല. രാഷ്ട്രീയ ലാക്കോടെ കാർഷിക വികസന ബാങ്കുകളുടേയും ജില്ലാ ബാങ്കുകളുടേയും ഭരണം

കൈക്കലാക്കാനും അനധികൃതമായി സ്ഥാനം വഹിക്കാനുമുള്ള ജനാധിപത്യ വിരുദ്ധ സമീപനമാണ് സ്വീകരിക്കുന്നത്. റബ്കോയെ രക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ സഹകരണ രംഗത്തെ ഉദാത്ത മാതൃകകളും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടും സഹകാരികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും മാത്രമേ വൈദ്യനാഥൻ കമ്മിറ്റി ശുപാർശകൾ നടപ്പാക്കാവൂ. സഹകരണ മേഖലയിൽ ജനാധിപത്യം നിലനിർത്താൻ ഈ ഭേദഗതി പിൻവലിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): എല്ലാ വിഭാഗത്തിൽപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾക്കും തുല്യനീതിയും അവസര സമത്വവും ഉറപ്പുവരുത്തി സഹകരണ മേഖലയുടെ വളർച്ചയും വികാസവും സാധ്യമാക്കുന്നതിന് പര്യാപ്തമായ രീതിയിൽ 97-ാം ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2000-ലെ സഹകരണ നിയമത്തിലെ ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തനപരിധി ഒരു താലൂക്കായി നിജപ്പെടുത്തുകയും ഒന്നിലധികം താലൂക്കുകളിൽ പ്രവർത്തന പരിധിയുള്ള ബാങ്കുകൾ ആറ് മാസത്തിനകം പ്രവർത്തനപരിധി ഒരു താലൂക്കായി ക്രമപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. അപ്രകാരം പരിമിതപ്പെടുത്താതെ താലൂക്കുകളിൽ പുതിയ ബാങ്കുകൾ രജിസ്റ്റർ ചെയ്തപ്പോൾ ആസ്തി, ബാധ്യതകൾ വിഭിജിക്കാത്തതിനാൽ നല്ലൊരു ശതമാനം ബാങ്കുകളിലും ദ്വയാംഗത്വം ഉണ്ടാകാനിടയായി. ഈ പ്രതിസന്ധി പരിഹരിക്കാൻ 01-01-2011-ൽ നിലവിൽ വന്ന നിയമവ്യവസ്ഥ

കൾക്കനുസൃതമായി താലൂക്ക് അടിസ്ഥാനത്തിൽ ബാങ്കുകൾ രൂപീകരിക്കുക യുണ്ടായി. ആസ്തി ബാധ്യതകൾ വിഭജിക്കാതെ രജിസ്റ്റർ ചെയ്ത 10 ബാങ്കു കളുടെ രജിസ്ട്രേഷൻ ഓർഡിനൻസ് വഴി സാധുവല്ലാതായിത്തീർന്നു. 1063 എംപ്ലോയീസ് ക്രെഡിറ്റ് സംഘങ്ങൾ, വനിതാ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘങ്ങൾ തുടങ്ങി വോട്ടവകാശമില്ലാത്ത സംഘങ്ങളേയും ഉൾപ്പെടുത്തി സഹകരണ മേഖലയിൽ തുല്യനീതി വരുത്തുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. സഹകരണ മേഖലയ്ക്ക് കോട്ടംവന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിക്കും. 97-ാം ഭരണഘടനാ ഭേദ ഗതി അനുസരിച്ച് സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം ഉണ്ടാക്കാനായി പ്രത്യേകമായ സഹകരണ നിയമം കൊണ്ടുവരാൻ എല്ലാവരുമായി യോജി ച്ചുള്ള ചർച്ചയ്ക്ക് സർക്കാർ തയ്യാറാണ്. റബ്കോയ്ക്ക് സാമ്പത്തിക സഹായം നൽകിയ സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങൾ പണം തിരിച്ച് ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കും. ബിൽ പരിഗണ നയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

110, 111, 112, 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>**4-ാം വകുപ്പ്**</u>

മന്ത്രി 134-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

134. For sub-section (1F) of section 28 proposed to be inserted in the Principal Act by sub-clause (ii) of clause 4 of the Bill the following sub-section shall be substituted, namely:-

"(1F) Notwithstanding anything contained in the bye-laws of the District Co-operative Bank, two seats in the committee of each District Co-operative Bank shall be reserved for depositor member societies in the Bank".

119, 120, 122, 123, 124, 125, 126, 128, 129, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി 49-നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>**5-ാം വകുപ്പ്**</u>

132, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ):</u> 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 50-നെതിരെ 72 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## ചട്ടം 58 പ്രകാരമുള്ള ചർച്ച

## നബാർഡിന്റെ നാല് ജില്ലാ ഓഫീസുകൾ നിർത്തലാക്കിയത് സംബന്ധിച്ച്

ശ്രീ. കെ. ശിവദാസൻ നായർ: "കേരളത്തിൽ നബാർഡിന്റെ 4 ജില്ലാ ഓഫീസുകൾ നിർത്തലാക്കിയതുമൂലവും കാർഷിക വായ്പകൾ കുറഞ്ഞു വരുന്നതുമൂലവും ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭ ചർച്ച ചെയ്യണം" എന്ന് ആവശ്യപ്പെടുന്നു. കോഴിക്കോട്, എറണാകുളം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ നബാർഡിന്റെ ഡിസ്ട്രിക്ട് ഓഫീസുകൾ നിർത്തലാക്കുകയും ആ ഓഫീസുകളിലെ പ്രവൃത്തികൾ മറ്റ് ജില്ലാ ഓഫീസുകളിലേയ്ക്ക് അറ്റാച്ച് ചെയ്യുകയും ചെയ്ത നടപടി പുനഃപരിശോധിക്കുന്നതിന് നബാർഡിനോട് ആവശ്യപ്പെടണം. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിന്റെയും സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ, മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ വായ്പകളുടെയും മോണിട്ടറിംഗും സൂപ്പർവിഷനും ജില്ലാ ഓഫീസുകൾ വഴിയാണ് നടക്കുന്നത്. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിനാണ് ഊന്നൽ നൽകേണ്ട നബാർഡ് കാർഷിക മേഖലയ്ക്ക് വായ്പ നൽകുന്നതിൽനിന്ന് പിന്മാറുന്ന സമീപനമാണുണ്ടായത്. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് വഴി കിസാൻ ക്രെഡിറ്റ് കാർഡ്,

ക്രോപ്പ് ലോൺ, ഷോർട്ട് ടേം ലോണുകൾ എന്നിവ നൽകിക്കൊണ്ടിരുന്നെങ്കിലും കഴിഞ്ഞ വർഷം മുതൽ നബാർഡ് അത് നിർത്തലാക്കിയിരിക്കുന്നു. ഇതിനെതിരെ കേന്ദ്ര ഗവൺമെന്റിനേയും നബാർഡിനേയും സമീപിക്കുകയും ഇത് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെടുകയും ചെയ്യണം. ഷോർട്ട് ടേം ക്രോപ്പ് ലോണിന് നാലര ശതമാനം പലിശയും കാർഷിക മേഖലയിൽ ഇൻവെസ്റ്റ്മെന്റിനുവേണ്ടി കൊടുക്കുന്ന വായ്പകൾക്ക് പത്ത് ശതമാനം പലിശയുമാണ് നബാർഡ് ഈടാക്കുന്നത്. എല്ലാ മേഖലകളിലും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ട് വാങ്ങിയെടുക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്ത് കുടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ധനകാര്യ വകുപ്പ് മുൻകൈയെടുക്കണം.

ശ്രീ. ജി. സുധാകരൻ: നബാർഡിന്റെ നിർത്തലാക്കിയ നാല് ജില്ലാ ഓഫീസുകൾ പുനഃസ്ഥാപിക്കണം. നബാർഡിന്റെ വായ്പയിൽ 71.42 ശതമാനവും നോൺ ഫാം സെക്ടറിനാണ് നൽകിയിരിക്കുന്നത്. ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് 17 ശതമാനം മാത്രമാണ് നൽകുന്നത്. നബാർഡിന്റെ വഴിവിട്ട പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. നബാർഡിന്റെ റീഫൈനാൻസിംഗ് സപ്പോർട്ടിനെപ്പറ്റി 2010-ലേയും 2011-ലേയും ഇക്കണോമിക് റിവ്യൂവിൽ പറയുന്നതിലെ വ്യത്യാസം ഗവൺമെന്റ് പരിശോധിക്കണം. മുഴുവൻ കൃഷിക്കാരെയും സാധാരണക്കാരേയും തകർക്കുന്ന നബാർഡിന്റെ സമീപനങ്ങൾക്കെതിരെ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ശക്തമായി പ്രതികരിക്കണം. കഴിഞ്ഞ 15 വർഷക്കാലത്തെ നബാർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: നബാർഡിന്റെ കേരളത്തിലെ നാല് ജില്ലാ വികസന ഓഫീസുകൾ അടച്ചുപൂട്ടാനുള്ള തീരുമാനത്തിൽനിന്ന് സർക്കാർ പിന്മാറണം. ഈ ഓഫീസുകൾ നിർത്തലാക്കുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങളിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിക്കണം. പ്രോജക്ടുകൾ വയബിളായി അവതിരിപ്പിക്കാനും നബാർഡിൽ നിന്ന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാനും സാധിക്കണം. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി സഹകരണ മേഖലയിലെ ബാങ്കുകൾക്ക് നബാർഡിന്റെ ക്രെഡിറ്റ് സപ്പോർട്ട് ലഭ്യമാക്കണം. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ വിതരണം ചെയ്യുന്ന കാർഷിക വായ്പയ്ക്ക് അനുസൃതമായ തുക നബാർഡിൽ നിന്ന് ലഭ്യമാക്കണം. നബാർഡ് വഴിയുള്ള ജൈവകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രയോജനപ്പെടുത്താനും സഹകരണ ബാങ്കുകൾ വഴിയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും കഴിയണം.

ശ്രീ. പി. തിലോത്തമൻ: കേരളത്തിന്റെ വികസനത്തെയാകെ പ്രതികൂലമായി ബാധിക്കുന്ന ഒരു നയമാണ് നബാർഡ് സ്വീകരിച്ചുവരുന്നത്. നബാർഡിന്റെ നടപടികൾമൂലം കാർഷിക മേഖല തകരുകയും ഇൻഡ്യയുടെ പൊതു സമ്പദ് വ്യവസ്ഥ പ്രതിസന്ധിയിലാവുകയും ചെയ്യും. കാർഷിക മേഖലയിൽ സബ്സിഡി നിറുത്തലാക്കിയതുമൂലം കൃഷിക്കാർ പ്രതിസന്ധിയിലാണ്. നബാർഡ് ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന തെറ്റായ സാമ്പത്തിക നയങ്ങൾ തിരുത്തണം.

ഡോ. എൻ. ജയരാജ്: ഫലപ്രദമായ വായ്പാ സഹായവും അനുബന്ധ പ്രവർത്തനങ്ങളും സുസ്ഥാപിതമായ വികസനവും നീതിപൂർവ്വകമായ കാർഷിക ഗ്രാമീണ വികസനവും എന്ന ലക്ഷ്യങ്ങളിൽ നിന്ന് നബാർഡ് ഇന്ന് പുറകോട്ടുപോകുകയാണ്. സംസ്ഥാനത്തെ നാല് ജില്ലാ ഓഫീസുകൾ

നിറുത്തലാക്കാനുള്ള തീരുമാനം ഗ്രാമീണ മേഖലയിലെ കർഷകർക്ക് വളരെ യേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വില്ലേജ് ഡെവലപ്മെന്റ് പ്രോജക്ട്, ആർ.ഐ.ഡി.എഫ്., കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവ നബാർഡുമായി ബന്ധപ്പെട്ടവയായതിനാൽ ഈ തീരുമാനത്തിൽ ഒരു പുനർചിന്തനം ഉണ്ടാകണം

ശ്രീ. എ. എ. അസീസ്: നബാർഡ് അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽനിന്ന് പുറകോട്ടുപോകുകയാണ്. കാർഷിക-സഹകരണ മേഖലകളെ തകർക്കുന്ന സമീപനമാണ് നബാർഡ് സ്വീകരിച്ചുകൊണ്ടിരി ക്കുന്നത്. നബാർഡിന്റെ കേരളത്തിലെ നാല് ജില്ലാ ആഫീസുകൾ അടച്ചു പൂട്ടാനുള്ള തീരുമാനം പിൻവലിക്കണം. നബാർഡിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അന്വേഷണവിധേയമാക്കണം.

ശ്രീ. പാലോട് രവി: കേരളത്തിലെ നബാർഡിന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യപ്പെടണം. ഗ്രോത്ത് ഓറിയന്റഡ് സമ്പദ്‌വ്യവസ്ഥ സംസ്ഥാനത്തു ണ്ടാക്കാൻ നേതൃത്വം കൊടുക്കുന്ന തരത്തിൽ നബാർഡിന്റെ പ്രവർത്ത നത്തെ മാറ്റിയെടുക്കണം. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിൽ കേരളം പുറകോട്ടുപോയതിനെക്കുറിച്ച് പരിശോധി ക്കണം. എൻ.എ.പി.-യുടെ കാര്യത്തിൽ നബാർഡ് സംസ്ഥാന-ജില്ലാ ബാങ്കു കളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണം. നബാർഡിന്റെ പ്രവർത്ത നങ്ങൾ കാര്യക്ഷമമാക്കാൻ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): .റീ-ലൊക്കേഷന്റെ പേരിൽ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടി രുന്ന നബാർഡിന്റെ നാല് ജില്ലാ ആഫീസുകൾ നിറുത്തലാക്കി അതിന്റെ

പ്രവർത്തനങ്ങൾ അടുത്ത ജില്ലകളിലെ ഓഫീസുകളുമായി കൂട്ടിച്ചേർക്കുക യാണ് ചെയ്തിട്ടുള്ളത്. ഇത് കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കു ന്നതാണ്. കേന്ദ്ര ധനകാര്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ തിനാൽ പ്രതിവിധി കാണുന്നതിന് ക്രിയാത്മകമായ നടപടികളെടുക്കാൻ സർക്കാർ അശക്തമാണ്. നബാർഡിന്റെ ഈ നിലപാട് തിരുത്തിയേ മതിയാ കൂ എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരെ ഒറ്റക്കെട്ടായി നിൽക്കണം. മുംബൈയിൽ 11-07-2012-ന് നടന്ന നബാർഡ് ഡയറക്ടർ ബോർഡ് മീറ്റിംഗിൽ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഈ ഓഫീ സുകൾ നിറുത്തലാക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന കേരളത്തിന്റെ ആവശ്യം ഉന്നയിച്ചെങ്കിലും തീരുമാനമുണ്ടായിട്ടില്ല. ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നബാർഡിന്റെ നയം തിരുത്താൻ ആവശ്യപ്പെടുന്നതാണ്. ഇതിന്റെ ഭരണ സമിതിയിൽ ഒരു അനൗദ്യോഗികാംഗത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആർ.ഐ.ഡി.എഫ്.-ന്റെ പ്രയോജനം കേരളത്തിൽ ഫലപ്രദമായിട്ടില്ല. നബാർഡ് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ കുറയ്ക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാർ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെ ങ്കിൽ സഹകരണ ബാങ്കുകൾക്ക് കൂടുതൽ വായ്പ ലഭ്യമാക്കാനും എടുത്ത വായ്പ എഴുതിത്തള്ളാനും കഴിയുമായിരുന്നു. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം റീ-ഫൈനാൻസിനായി 500 കോടി രൂപയ്ക്ക് ഗ്യാരന്റി നൽകാനും മറ്റും നടപടി സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാന കാർഷിക വികസന ബാങ്കിലേയ്ക്ക് 1000 കോടി രൂപ കൂടുതലായി നൽകാൻ സാധിച്ചിട്ടുണ്ട്. നബാർഡ് കാലാകാലങ്ങളിൽ നിർദ്ദേശിച്ച സാമ്പത്തിക പരി

ഷ്കാരങ്ങൾ നടപ്പിലാക്കുകയും വകുപ്പുകൾ സമയബന്ധിതമായി പണം പ്രയോജനപ്പെടുത്തുകയും ചെയ്താൽ കൂടുതൽ തുക നേടിയെടുക്കാൻ കഴിയും. നബാർഡിന്റെ നയങ്ങൾ തിരുത്തിക്കുന്നതിനാവശ്യമായ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## ചട്ടം 205 (ബി) പ്രകാരമുള്ള ചർച്ച

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച

ശ്രീ. ടി.എൻ. പ്രതാപൻ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടിനെക്കുറിച്ച് ചർച്ചചെയ്യണം. മരുന്ന് വിപണന രംഗത്തെ ചൂഷണം അവസാനിപ്പിക്കാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ശക്തിപ്പെടുത്തി ഗുണനിലവാരമുള്ള മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതുസംബന്ധിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സമിതി സംസ്ഥാന വ്യാപകമായി ചർച്ചയും തെളിവെടുപ്പുകളും നടത്തിയാണ് റിപ്പോർട്ട് അവതരിപ്പിച്ചിട്ടുള്ളത്. വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവും മരുന്നുവിലയുംമൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. രാജ്യത്ത് മൊത്തം ചെലവാകുന്ന മരുന്നിന്റെ 15 ശതമാനത്തോളം കേരളത്തിലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ജീവൻരക്ഷാ മരുന്നുകളുടെ വിലവർദ്ധന പിടിച്ചുനിറുത്താനും ഗുണനിലവാരമുള്ളവ വിപണിയിൽ ലഭ്യമാക്കുവാനും സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുകളുണ്ടാകണം. മരുന്ന് വിപണിയിൽ നടക്കുന്ന ചൂഷണം അവസാനിപ്പിക്കണം. ഒരേ മരുന്ന് വ്യത്യസ്ത പേരുകളിലും വിലകളിലും വിപണിയിൽ എത്തിക്കുന്നത് ഒഴിവാക്കാൻ കഴിയണം. മരുന്നുകൾ ജനറിക് പേരിൽ

വിപണിയിലെത്തിക്കാൻ കഴിഞ്ഞാൽ ചൂഷണം ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിയും. പേറ്റന്റ് മരുന്നുകൾക്ക് വില കൂടുതലും ജനറിക് മരുന്നുകൾക്ക് കുറവുമായതിനാൽ ജനറിക് മരുന്നുകൾ മാത്രം ഡോക്ടർമാർ എഴുതണമെന്ന കർശന നിർദ്ദേശം നൽകണം. ബ്രാന്റഡ് മരുന്നുകൾ എഴുതുന്നതിലൂടെ ഡോക്ടർമാർ അനധികൃത സമ്പാദ്യം നേടുന്ന പ്രവണത അഭിലഷണീയമല്ല. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് പുനരുജ്ജീവിപ്പിച്ച് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മരുന്നുകളുടെ വില നിയന്ത്രണാധികാരം കേന്ദ്ര ആരോഗ്യ വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ മുൻകൈയെടുക്കണം. ജീവൻരക്ഷാ ഔഷധങ്ങളിൽ ആവശ്യമില്ലാത്ത കോംബിനേഷൻസ് കൂട്ടിച്ചേർത്ത് അമിതവില ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കണം. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികളിൽനിന്നും മരുന്നുകൾ നേരിട്ട് വാങ്ങി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ശക്തിപ്പെടുത്തണം. കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും കാരുണ്യ ഫാർമസി ആരംഭിക്കാനും മരുന്നുവിതരണ രംഗത്തെ മാഫിയകളെ നിയന്ത്രിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എളമരം കരീം:</u> അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകളോട് യോജിക്കുന്നു. ആരോഗ്യ പരിപാലനത്തിലും രോഗചികിത്സയിലുമുണ്ടായിട്ടുള്ള വളർച്ച കൊള്ളലാഭമുണ്ടാക്കാനുള്ള ബിസിനസായി പരിണമിച്ചിരിക്കുന്നത് ഭയാനകമാണ്. ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽസ് വ്യവസായത്തെ കൈയടക്കിയിരിക്കുന്നതുസംബന്ധിച്ച സഭയുടെ ഉത്കണ്ഠ കേന്ദ്ര സർക്കാരിനെ അറിയിക്കണം. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ്

അതോറിറ്റിയെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവരണം. ഇന്ത്യയിൽ വിൽക്കുന്ന എഴുപത്തിയഞ്ച് ശതമാനം മരുന്നുകളും വില നിയന്ത്രണ പട്ടികയുടെ പുറത്തായതിനാൽ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഒരേ മരുന്നുകൾക്ക് പലതരത്തിലുള്ള വില ഈടാക്കുന്നത് അംഗീകരിക്കാനാവില്ല. ജി.ഡി.പി.-യുടെ അഞ്ച് ശതമാനമെങ്കിലും ആരോഗ്യമേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കാൻ കഴിയണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ആവശ്യമായ സാമ്പത്തിക പിന്തുണ നൽകണം. കാരുണ്യ ഫാർമസികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആരോഗ്യ രംഗത്തെ തെറ്റായ പ്രവണതകൾ തടയുന്നതിന് വിദഗ്ദ്ധരുമായി ആലോചിച്ച് ശക്തമായ നിയമനിർമ്മാണം നടത്തണം.

ശ്രീ. എം. പി. അബ്ദുസമദ് സമദാനി : മരുന്ന് വിപണനരംഗത്ത് നിലനിൽക്കുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനായി നിയമസഭാ സമിതി നടത്തിയ പ്രവർത്തനങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്. ചികിത്സാമേഖല മാഫിയകൾക്കും കുത്തകകൾക്കും അന്യാധീനപ്പെടുന്ന സ്ഥിതി നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടാകണം. പരീക്ഷണത്തിനായി ആദിവാസികളിൽ മരുന്ന് പ്രയോഗിക്കുന്ന രീതി അവസാനിപ്പിക്കണം. മരുന്നിന്റെ വില പരിശോധിക്കാനും നിർണ്ണയിക്കാനുമുള്ള അവകാശം കേന്ദ്ര പെട്രോളിയം രാസവള വകുപ്പിൽനിന്ന് ആരോഗ്യ വകുപ്പിലേക്ക് മാറ്റണം. എല്ലാ രംഗത്തും വ്യവസായവൽക്കരണം കൊണ്ടുവരുന്നത് ആപത്താണ്. പൊതുമേഖലാ മരുന്ന് കമ്പനികൾ അടച്ചുപൂട്ടുകയും സ്വകാര്യ കമ്പനികൾ തടിച്ചുകൊഴുക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം നിർഭാഗ്യകരമാണ്. പൊതുമേഖലാരം

ഗത്ത് പ്രവർത്തിക്കുന്ന മരുന്ന് കമ്പനികൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഡോക്ടർമാർ മരുന്ന് ശുപാർശ ചെയ്താൽ പ്രത്യേക എസ്.എം.എസ്. വഴി രോഗികൾക്ക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ അറിയിക്കാനും ഗുണനിലവാരമുള്ള മരുന്ന് കുറഞ്ഞ വിലയ്ക്ക് എത്തിച്ചുകൊടുക്കാനുമുള്ള ഒരു സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. മരുന്ന് ഉത്പാദന രംഗത്ത് ഗവേഷണങ്ങൾ നടത്താൻ സർവ്വകലാശാലകളും മരുന്ന് കമ്പനികളും കൂട്ടായിട്ടുള്ള സമന്വയം ഉണ്ടാക്കേണ്ടതാണ്. പാറ്റന്റ് മരുന്നുകളുടെ നിർമ്മാണത്തിന് നൂറ് മടങ്ങ് വരെ ലാഭം ഉണ്ടാക്കുന്ന രീതിയിലുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനം നടത്തണം. സംസ്ഥാന ഗവൺമെന്റും രാഷ്ട്രീയ നേതൃത്വവും നിയമസഭയും അവസരത്തിനൊത്തുയർന്ന് ഈ വിഷയത്തെ പിന്തുണയ്ക്കേണ്ടതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ : മരുന്നുകളുടെ വില നിയന്ത്രിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വിലയിരുത്തപ്പെടണം. ഡോക്ടർമാർ ജനറിക് നെയിമിൽ മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് ഓർഡർ ഉണ്ടാകണം. ഗവൺമെന്റിന്റെ സ്റ്റാന്റിംഗ് ഓർഡർ ഉണ്ടെങ്കിൽ വ്യത്യസ്ത കമ്പനികളുടെ മരുന്നിന്റെ വിലവ്യത്യാസം മനസ്സിലാക്കാനും മെഡിക്കൽ ഷോപ്പുകളിൽ പ്രദർശിപ്പിക്കുന്ന വിലവിവരപ്പട്ടിക അനുസരിച്ച് മരുന്ന് തെരഞ്ഞെടുക്കാനുമുള്ള അധികാരം ഉപഭോക്താവിന് ലഭിക്കും. മെഡിക്കൽ കൗൺസിൽ ആക്ടനുസരിച്ച് ഡോക്ടർമാർ മരുന്ന് കമ്പനികളിൽനിന്ന് ഗിഫ്റ്റുകളോ ആനുകൂല്യങ്ങളോ ട്രാവൽ ഫെസിലിറ്റീസോ സ്വീകരിക്കാൻ പാടില്ലാത്തതാണ്. മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ മരുന്ന് സംഭരിച്ച് വിതരണം ചെയ്യുന്ന സംവിധാനം കാര്യക്ഷമമാക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയും കൺസ്യൂമർഫെഡിനെയും സൂപ്പർ സ്റ്റോക്കിസ്റ്റായി മാറ്റുകയും റീട്ടെയിൽ വ്യാപാരം നിലനിറുത്തുകയും ചെയ്യണം. മരുന്ന് കമ്പനികൾക്ക് കേന്ദ്ര ഗവൺമെന്റിലുള്ള സ്വാധീനം വളരെ വലുതാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. പ്രൈസ് കൺട്രോൾ ലിസ്റ്റിൽ 74 ഇനം മരുന്നുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : ജീവൻരക്ഷാ മരുന്നുകൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവയുടെ വിലയും ലാബ് ചാർജുകളും അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഔഷധനയം നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണെങ്കിലും മരുന്നിന്റെ ഉൽപ്പാദന-വിതരണ-ഗുണനിലവാര കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയണം. കേന്ദ്ര ഹെൽത്ത് ആന്റ് ഫാമിലി അഫയേഴ്സിന്റെ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാരിന് നൽകിയ റിപ്പോർട്ട് പ്രകാരം ഡ്രഗ് ലൈസൻസിംഗ്, ഡ്രഗ് ട്രയൽ, പ്രൈസിംഗ് തുടങ്ങിയ കാര്യങ്ങളിൽ ഫാർമ ഇൻഡസ്ട്രിയും മെഡിക്കൽ പ്രൊഫഷനും ബ്യൂറോക്രസിയുമായി അനാരോഗ്യകരമായ ബന്ധമുണ്ടെന്നാണ് വ്യക്തമാകുന്നത്. ഡ്രഗ് ലൈസൻസിംഗിന്റെ പ്രോട്ടോക്കോൾ അനുസരിച്ചുള്ള പ്രോസസ്സ് നടക്കുന്നില്ല. മരുന്നിന്റെ വിലയെ മാത്രമല്ല ക്വാളിറ്റിയേയും ബാധിക്കുന്ന തരത്തിലുള്ള പ്രവണതയാണ് ഈ രംഗത്തുള്ളത്. സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ, നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി എന്നിവയുടെ ചുമതലകൾ കൃത്യമായി നിർവഹിക്കു

ന്നതിനുള്ള നടപടിയുണ്ടാകണം. സംസ്ഥാന സർക്കാർ ഇച്ഛാശക്തിയോടു കൂടി പ്രവർത്തിച്ചാൽ ഈ മേഖലയിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു കമ്പനികളിൽനിന്ന് നേരിട്ട് നെഗോഷിയേറ്റ് ചെയ്ത് ഏറ്റവും കുറഞ്ഞ വിലയ്ക്ക് മരുന്ന് വാങ്ങി വിതരണം ചെയ്യണം. മരുന്ന് മാഫിയാ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കണം. ജനറിക് മെഡിസിൻ വ്യാപകമാക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: മരുന്ന് മാഫിയകളുടെ അനിയന്ത്രിതമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കഴിയണം. രാജ്യത്തെ എല്ലാ സ്വകാര്യ മരുന്ന് കമ്പനികളും വൻ ലാഭത്തിലും പൊതുമേഖലാ മരുന്ന് കമ്പനികൾ വമ്പിച്ച നഷ്ടത്തിലും പ്രവർത്തിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. ആയൂർവ്വേദ മരുന്നുകൾ പരിശോധനാ വിധേയമാക്കണം. മരുന്നിന്റെ ഉൽപ്പാദന വിതരണ രംഗത്തും മറ്റും ചില വടക്കേ ഇൻഡ്യൻ ലോബികൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അവഗണിക്കുന്നത് അവസാനിപ്പിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആൾ പാർട്ടി ഡെലിഗേഷൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): കാലാവധി കഴിഞ്ഞ മരുന്നുകൾ പിടിച്ചെടുക്കാൻ സംസ്ഥാന സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണം. മരുന്നുകമ്പനികളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര മാഫിയകളെ നിയന്ത്രിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇച്ഛാശക്തിയോടെ പ്രവർത്തിക്കണം. മരുന്നുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന് മികച്ച തീരുമാനങ്ങളെടുക്കുന്നതിന് സഹായിച്ച മലയാളിയായ ശ്രീ. പി.എച്ച് കുര്യന്റെ സേവനം അഭിനന്ദനാർഹമാണ്. മരുന്നിന്റെ വില നിശ്ചയിക്കുന്നത്

കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ കീഴിൽ നിന്നും മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: മരുന്നുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വില കുറയ്ക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കണം. മരുന്ന് ഉല്പാദന രംഗത്ത് കെ.എസ്.ഡി.പി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡബ്ല്യു.എച്ച്.ഒ., ജി.എം.പി. സർട്ടിഫിക്കറ്റുകളുള്ള കമ്പനികളുടെ സ്പേസ് കപ്പാസിറ്റി പ്രയോജനപ്പെടുത്തത്തക്ക രീതിയിൽ മരുന്ന് ഉല്പാദിപ്പിക്കാനും കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാനും കഴിയണം. മരുന്ന് വില നിയന്ത്രിക്കുന്നതിനുവേണ്ടി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ സബ്സിഡി കൊടുത്ത് ന്യായവിലയ്ക്ക് മരുന്ന് ലഭ്യമാക്കണം. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൂടുതൽ ഡ്രഗ് ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കണം. എല്ലാ മരുന്നുകളും റാണ്ടം ചെക്കിംഗ് നടത്തണം. ബയോ ഈക്വലായുള്ള മരുന്നുകൾ ഉപയോഗിക്കുന്നതിന് ശ്രമം നടത്തണം. ആരോഗ്യ മേഖലയിൽ പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തണം. ആയുർവേദ, ഹോമിയോ മരുന്നുകളുടെ ഉല്പാദന രംഗത്ത് നടക്കുന്ന അനാരോഗ്യകരമായ പ്രവണത അവസാനിപ്പിക്കണം. ഉല്പാദനരംഗം കാര്യക്ഷമമാക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനും മാർക്കറ്റ് ഇന്റർവെൻഷനിലൂടെ മരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനും ആരോഗ്യ നയം രൂപീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആരോഗ്യ മേഖലയിൽ ഈ ഗവൺമെന്റ് വളരെയധികം നടപടികളെടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ കേരളത്തിൽ ആവശ്യമുള്ള മുഴുവൻ മരുന്നുകളും വിതരണം ചെയ്യണമെന്ന ആവശ്യം കണക്കിലെടുത്ത് ഇതു സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സമിതിയെ നിയോഗിക്കുന്നതാണ്. ഉല്പാദകരിൽനിന്നും മരുന്ന് വാങ്ങി ഇടനിലക്കാരില്ലാതെ സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നവംബർ 1 മുതൽ കേരളത്തിലെ സർക്കാർ ആശുപത്രികളിൽനിന്നും എല്ലാ രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ജനറിക് മരുന്നുകൾ കുറിച്ചുനൽകണമെന്ന് ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് നിർദ്ദേശം നൽകുന്നതുമാണ്. 35 കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാനും അടുത്ത ഘട്ടമെന്ന നിലയിൽ എല്ലാ താലൂക്കുകളിലും വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ഡി.പി.-യുടെ പ്രവർത്തനം വിപുലീകരിച്ച് മരുന്നുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. 2012 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന 'എമർജിംഗ് കേരള'-യിൽ മെഡിസിൻ മാനുഫാക്ചറിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാധ്യത ആരായുന്നതാണ്. കേന്ദ്ര ഗവൺമെന്റ് വില നിശ്ചയിച്ചിട്ടുള്ള 74 മരുന്നുകൾ കൂടിയ വിലയ്ക്ക്

വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ശക്ത മായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാർ വില നിശ്ചയിക്കുന്ന മരുന്നുകളുടെ എണ്ണം 348 ആയി വർദ്ധിപ്പിക്കുമ്പോൾ ഈ രംഗത്തെ പ്രശ്ന ങ്ങൾക്ക് കുറെയൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയും. കേന്ദ്ര രാസവള വകുപ്പിന്റെ കീഴിൽ നിന്നും ആരോഗ്യ വകുപ്പിന്റെ കീഴിലേക്ക് ഈ വിഷയം കൊണ്ടുവരുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് എഴുതുന്നതാണ്. കേന്ദ്ര ആരോഗ്യ മന്ത്രാലയം നിയോഗിച്ച സമിതിയുടെ പേറ്റന്റുള്ള മരുന്നുകളുടെ വിലവർദ്ധനവ് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എ.കെ.സി.ഡി.എ.-യുടെ മരുന്ന് വിപണി യിലെ ഇടപെടലിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 'റൈറ്റ് ടു ഹെൽത്ത്' തത്വത്തിൽ അംഗീകരിക്കുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. 2012 നവംബർ മാസം ഒന്നാം തീയതി മുതൽ ഗവൺമെന്റ് ജീവനക്കാരും ഇൻകം ടാക്സ് അടയ്ക്കുന്നവരും ഒഴികെയുള്ളവർക്ക് ഇൻപേഷ്യന്റ് അല്ലെങ്കിലും സൗജന്യമായി ജനറിക് മെഡിസിൻ തുടർച്ചയായി ലഭിക്കത്തക്ക വിധത്തി ലുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് സ്ക്കീം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായി വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചി ക്കുന്നുണ്ട്. 2012-ലെ ധനകാര്യ ബില്ലിൽ ജനറിക് മെഡിസിൻ ഫ്രീ ആയി കൊടുക്കുന്നതിന് ബിവറേജസ് കോർപ്പറേഷന്റെ ടേൺ ഓവറിൽ നിന്ന് ഒരു ശതമാനം സെസ്സ് ഈടാക്കുന്ന വകുപ്പുകൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് കൊടുത്ത് കെ.എസ്.ഡി.പി.-യിലൂടെ മരുന്നുൽപ്പാദനം വർദ്ധി പ്പിക്കാനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. 35 കാരുണ്യ മെഡിക്കൽ

സ്റ്റോറുകൾ ആരംഭിക്കുന്നതും പിന്നീട് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. ജനങ്ങളുടെ ആരോഗ്യ പ്രശ്നത്തിൽ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്.

മി. സ്പീക്കർ: പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളിന്മേൽ വളരെ ഫലപ്രദമായ ചർച്ച ഇവിടെ നടക്കുകയും ഭൂരിപക്ഷം അംഗങ്ങളും പങ്കെടുക്കുകയും ചെയ്തത് സന്തോഷകരമാണ്.

സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.

* * * * * * * * * * * * * * *